നമ്പർ:സി.ബി.(1) 21346/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 07.05.2009.

# സർക്കുലർ നമ്പർ 18/2009

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ സ്ഥിരനിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നുതു സംബന്ധിച്ച്.

സൂചന:- (1) സഹകരണ സംഘം രജിസ്ട്രാറുടെ 28.11.2008 ലെ 73/2008-ാം നമ്പർ സർക്കുലർ.
(2) സഹകരണ സംഘം രജിസ്ട്രാറുടെ 18. 12. 2008 ലെ 74/2008-ാം നമ്പർ സർക്കുലർ.
(3) ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 4.5.2009 ൽ കൂടിയ സെട്രൽ ബാങ്ക്സ് കോൺഫറൻസ് തീരുമാനം.

"സഹകരണ നവരത്നം കേരളീയം" പദ്ധതിയുടെ ഭാഗമായി 2008 നവംമ്പർ 1 മുതൽ 2008 ഡിസംബർ 15 വരെ സംസ്ഥാനത്തെ സഹകരണ മേഖലയിൽ "സഹകരണ നിക്ഷേപം കേരളീയം" എന്ന പേരിൽ സംഘടിപ്പിച്ചിരുന്ന നിക്ഷേപസമാഹരണ യജ്ഞത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിയ്ക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ നിശ്ചയിച്ച് സൂചന (1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ടി നിക്ഷേപ സമാഹകരണയജ്ഞം 15.12.2008 ൽ അവസാനിച്ചുവെങ്കിലും സൂചന (1) ലെ സർക്കുലർ പ്രകാരമുള്ള പലിശനിരക്ക് 16. 12. 2008 മുതൽ തുടർന്നും ഇനിയൊരുത്തരവ് പുറപ്പെടുവിക്കുന്നതുവരെ പ്രബാല്യത്തിൽ ഉണ്ടായിരിയ്ക്കുന്നതാണെന്ന് സൂചന (2) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന(3) പ്രകാരം കൂടിയ യോഗത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെയും/ബാങ്കുകളിലെയും നിക്ഷേപങ്ങളുടെ നിലവിലുള്ള പലിശ നിരക്ക് അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വീകരിയ്ക്കുന്ന നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ പരിഷ്ക്കരിയ്ക്കുന്നതിന് തീരുമാനിയ്ക്കുകയും ചെയ്തു. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിയ്ക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാനകണക്കിൽ ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ. നമ്പർ | നിക്ഷേപ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാസഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/ അർബൻ സഹകരണ ബാങ്കുകൾ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മതൽ 45 ദിവസം വരെ | 5.25 | 4.50 | 5.25 | 4.75 | 6.00 | 5.00 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.25 | 5.50 | 6.25 | 5.75 | 7.00 | 6.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.25 | 6.50 | 7.00 മുതൽ 7.50 വരെ | 6.75 | 8.00 | 7.00 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 8.25 | 8.00 | 8.75 | 8.50 | 9.50 | 9.00 |
| 5 | ഒരു വർഷം മുതൽ 2 വർഷത്തിനു താഴെ വരെ | 9.25 | 8.50 | 10.50 | 9.50 | 11.00 | 10.00 |
| 6 | 2 വർഷത്തിനുമേൽ | 2 വർഷം മുതൽ 3 വർഷത്തിനു താഴെ വരെ 8.75<br>3 വർഷം മുതൽ 5 വർഷത്തിനു താഴെ വരെ 9.00<br>5 വർഷവും അതിനു മുകളിലും 9.25 | 9.00 | 2 വർഷം മുതൽ 3 വർഷത്തിനു താഴെ വരെ 10.00<br>3 വർഷം മുതൽ 5 വർഷത്തിനു താഴെ വരെ 9.50<br>5 വർഷവും അതിനു മുകളിലും 9.25 | 10.00 | 2 വർഷം മുതൽ 3 വർഷത്തിനു താഴെ വരെ 10.50<br>3 വർഷം മുതൽ 5 വർഷത്തിനു താഴെ വരെ 10.00<br>5 വർഷവും അതിനുമുകളിലും 10.00 | 10.50 |

മേൽ നിരക്കുകൾക്കു പുറമെ മുതിർന്ന പൗരൻമാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് 1/2 ശതമാനം നിരക്കിൽ അധിക പലിശ നൽകാവുന്നതാണ്, പുതിക്കിയ നിരക്കുകൾക്ക് സർക്കുലർ തീയതി മുതൽ പ്രാബല്യം ഉണ്ടായിരിയ്ക്കുന്നതാണ്.

ഒപ്പ്,
റാണിജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ചീഫ് ജനറൽ മാനേജർ, നബാർഡ്, തിരുവനന്തപുരം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
4. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
5. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും.
6. ജോയിന്റ് രജിസ്ട്രാർ/സമകാലീന ആഡിറ്റർ, സംസ്ഥാന സഹകരണ ബാങ്ക്/ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ.
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/(ആഡിറ്റ്) (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മുഖേന)
8. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ (ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന.
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
10. സഹകരണ സംഘം രജിസ്ട്രാറുടെ മേശമേൽ.
11. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
12. എഡിറ്റർ, സഹകരണ വീഥി.
13. സ്റ്റോക്ക് ഫയൽ.
14. സ്പെയർ.

ആജ്ഞാനുസരണം,

അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്)